**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3107 23/03/2015-ൽ മറുപടിയ്ക്ക്

**നിറവ് പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന നിറവ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണ് ഇത് ആരംഭിച്ചിട്ടുള്ളത് ; | എ) ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും, മൂല്യവർദ്ധനവിലൂടെയും, ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ സമഗ്ര വികസനം സാദ്ധ്യമാക്കുക എന്നതാണ് നിറവ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.<br>2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജക മണ്ഡലങ്ങൾ നിറവ് പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും, ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് ആവശ്യമായ തുക മാറ്റി വയ്ക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം സാക്ഷാത്കരിക്കാൻ ഉതകും വിധം പദ്ധതി ആരംഭിച്ചിട്ടില്ല. |

# അനുബന്ധം

## നിറവ്, പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിയോജകമണ്ഡലങ്ങൾ

| ജില്ല | 2012-2013- ൽ തെരഞ്ഞെടുത്തവ | 2013-2014- ൽ തെരഞ്ഞെടുത്തവ | 2014-2015- ൽ തെരഞ്ഞെടുത്തവ |
|---|---|---|---|
| തിരുവനന്തപുരം | – | വർക്കല, ചിറയിൻകീഴ് പാറശ്ശാല | ആറ്റിങ്ങൽ നെടുമങ്ങാട് നെയ്യാറ്റിൻകര |
| കൊല്ലം | പത്തനാപുരം | – | കരുനാഗപ്പള്ളി. ചാത്തന്നൂർ |
| പത്തനംതിട്ട | – | കോന്നി | റാന്നി |
| ആലപ്പുഴ | ചെങ്ങന്നൂർ | കായംകുളം | ചേർത്തല. ഹരിപ്പാട് |
| കോട്ടയം | പാല | വൈക്കം, പുതുപ്പള്ളി | കടുത്തുരുത്തി. ചങ്ങനാശ്ശേരി. കാഞ്ഞിരപ്പള്ളി |
| ഇടുക്കി | തൊടുപുഴ | – | ഇടുക്കി, പീരുമേട് |
| എറണാകുളം | വടക്കൻ പറവൂർ | പിറവം, തൃപ്പൂണിത്തുറ, കളമശ്ശേരി | പെരുമ്പാവൂർ. കുന്നത്തുനാട് |
| തൃശ്ശൂർ | കൊടുങ്ങല്ലൂർ | മണലൂർ | നാട്ടിക, കയ്പമംഗലം. പുതുക്കാട് |
| പാലക്കാട് | – | തൃത്താല, കോങ്ങാട് | പട്ടാമ്പി, മലമ്പുഴ, ഷൊർണ്ണൂർ ഒറ്റപ്പാലം, മണ്ണാർക്കാട്. തരൂർ, ചേലക്കര. |
| മലപ്പുറം | കോട്ടയ്ക്കൽ | മങ്കട, കൊണ്ടോട്ടി. തിരൂരങ്ങാടി. വണ്ടൂർ, നിലമ്പൂർ, വേങ്ങര, പെരിന്തൽമണ്ണ, പൊന്നാനി | ഏറനാട്. വള്ളിക്കുന്ന് താനൂർ, തിരൂർ. താവനൂർ |
| കോഴിക്കോട് | ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം | എലത്തൂർ, തിരുവമ്പാടി, വടകര, കുറ്റ്യാടി | കൊടുവള്ളി. കൊയിലാണ്ടി ബേപ്പൂർ, കുന്ദമംഗലം |
| വയനാട് | കല്പറ്റ | മാനന്തവാടി | സുൽത്താൻബത്തേരി |
| കണ്ണൂർ | കൂത്തുപറമ്പ് | മട്ടന്നൂർ , തളിപ്പറമ്പ്. ഇരുക്കൂർ. അഴിക്കോട് | പയ്യന്നൂർ. കല്ല്യാശ്ശേരി ധർമ്മടം. തലശ്ശേരി. പേരാവൂർ |
| കാസർഗോഡ് | – | മഞ്ചേശ്വരം | കാസർഗോഡ്. കാഞ്ഞങ്ങാട് തൃക്കരിപ്പൂർ |
| ആകെ | 12 നിയോജക മണ്ഡലങ്ങൾ | 31 നിയോജക മണ്ഡലങ്ങൾ | 43 നിയോജക മണ്ഡലങ്ങൾ |